**പതിമൂന്നാം കേരള നിയമസഭ**

**<u>പതിമൂന്നാം സമ്മേളനം</u>**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2637 — 19.03.2015 ൽ മറുപടിയ്ക്കുണ്ടായിരുന്നത്

## പിന്നോക്ക സമുദായ വികസന കോർപ്പറേഷൻ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.റ്റി.യു. കുരുവിള** | **ശ്രീ. എ.പി. അനിൽകുമാർ (പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)** |
| (എ) പിന്നോക്ക സമുദായ വികസന കോർപ്പറേഷന്റെ പ്രവർത്തനം കൂടുതൽ വ്യാപിപ്പിക്കുന്നതിന് സ്വീകരിച്ച് വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന്റെ പ്രവർത്തനവും നൽകുന്ന ആനുകൂല്യങ്ങളും വ്യാപിപ്പിക്കുന്നതിന് വിവിധ മാധ്യമങ്ങളിലൂടെയുള്ള പ്രചരണ പ്രവർത്തനങ്ങൾ വായ്പാ മേളകൾ, സെമിനാറുകൾ, ബോധവത്ക്കരണ ക്യാമ്പുകൾ എന്നിവ എല്ലാ ജില്ലകളിലും ഊർജ്ജിതമായി നടത്തുന്നുണ്ട്. കൂടാതെ ഹരിപ്പാട്, വണ്ടൂർ, തിരൂർ, ചേലക്കര, വർക്കല, പട്ടാമ്പി, എന്നിവിടങ്ങളിൽ ഉപജില്ലാ ഓഫീസുകളും ആരംഭിച്ചിട്ടുണ്ട്. |
| (ബി) നിലവിൽ ഈ സ്ഥാപനം വഴി നല്കിവരുന്ന സഹായങ്ങൾ എന്തെല്ലാമാണ്; ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ; പ്രസ്തുത സ്ഥാപനം വഴി തൊഴിൽരഹിതർക്ക് കൂടുതൽ ലോൺ സൗകര്യങ്ങൾ നല്കുന്നതിന് നടപടികൾ സ്വീകരിയ്ക്കുമോ? | (ബി) KSBCDC വഴി നൽകിവരുന്ന സഹായങ്ങൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. തൊഴിൽ രഹിതർക്ക് കൂടുതൽ ലോൺ സൗകര്യങ്ങൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. |

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

Vijayan

**സെക്ഷൻ ഓഫീസർ**